(ഡി) സംസ്ഥാനത്തെ വിവിധ കോടതികളിൽ പ്ലീഡർമാരായി ജോലി ചെയ്യുന്നവരുടെ സേവന-വേതന വ്യവസ്ഥകൾ 1978-ലെ കേരള ലാ-ഓഫീ സേഴ്സ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ്. ചട്ടങ്ങളുടെ പ്രസക്തഭാഗം അനുബന്ധം (ബി) ആയി കൊടുത്തിരിക്കുന്നു. *

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരുടെ വേതന കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(എഫ്) ഓരോ ജില്ലയിലേയും ഗവ:പ്ലീഡർമാർക്ക് എത്ര വീതം ശമ്പള കുടിശ്ശിക ഉണ്ടെന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

ഗവൺമെന്റ് പ്ലീഡർമാരുടെ ഒഴിവുള്ള തസ്തികകൾ

28 (1967) ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഗവൺമെന്റ് പ്ലീഡർമാരുടെ തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട് ;

(ബി) ഹൈക്കോടതിയിലുള്ള ഗവൺമെന്റ് പ്ലീഡർമാരുടെ തസ്തികകൾ എത്ര ; ഓരോ ജില്ലകളിലും അനുവദിക്കപ്പെട്ട തസ്തികകൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഗവൺമെന്റ് പ്ലീഡർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗവൺമെന്റ് പ്ലീഡർമാരുടെ 168 തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്.

(ബി) ഹൈക്കോടതിയിൽ ഗവ. പ്ലീഡർമാരുടെ 64 തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഓരോ ജില്ലയിലും അനുവദിക്കപ്പെട്ടിട്ടുള്ള ഗവ. പ്ലീഡർമാരുടെ തസ്തികകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ് :-

1.	തിരുവനന്തപുരം	11
2.	കൊല്ലം	8
3.	ആലപ്പുഴ	8
4.	പത്തനംതിട്ട	6
5.	കോട്ടയം	9

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

6.	എറണാകുളം	15
7.	ഇടുക്കി	6
8.	തൃശ്ശൂർ	7
9.	പാലക്കാട്	6
10.	മലപ്പുറം	5
11.	കോഴിക്കോട്	9
12.	വയനാട്	3
13.	കണ്ണൂർ	6
14.	കാസർഗോഡ്	5
	ആകെ	104

(സി) ഗവൺമെന്റ് പ്ലീഡർമാരുടെ 32 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. അവയുടെ വിശദവിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ഹൈക്കോടതിയിൽ	12
തിരുവനന്തപുരം ജില്ലയിൽ	3
കൊല്ലം	3
ആലപ്പുഴ	1
എറണാകുളം	7
ഇടുക്കി	1
തൃശ്ശൂർ	2
വയനാട്	1
കാസർഗോഡ്	2
ആകെ	32

ലീഗൽ അസിസ്റ്റന്റുമാരുടെ നിയമനം

29 (1968) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമവകുപ്പിലെ ഭരണ കാര്യങ്ങളും നിയമനകാര്യങ്ങളും സംബന്ധിച്ച ഫയലുകൾ സൂക്ഷിക്കുന്ന ആഫീസ് എവിടെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഭരണപരമായതും നിയമനകാര്യങ്ങളും സംബന്ധിച്ച് ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly